"ഭരണഭാഷ – മാതൃഭാഷ''

# വ്യാവസായിക പരിശീലന വകുപ്പ്

## (കേരള സംസ്ഥാനം)

നമ്പർ:എ6/29280/2016

ട്രെയിനിംഗ് ഡയറക്ടറേറ്റ്
തൊഴിൽ ഭവൻ
തിരുവനന്തപുരം
തീയതി : 28.11.2017

## വിഞ്ജാപനം

ഇലക്ട്രോണിക് ഭരണ സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിലേക്കായി സ.ഉ(കൈ) നം. 94/2017/തൊഴിൽ തീയതി 31.10.2017 പ്രകാരം വകുപ്പിൽ രൂപീകരിച്ചിട്ടുള്ള ഐ.റ്റി സെല്ലിൽ സൃഷ്ടിച്ചിട്ടുള്ള താഴെപ്പറയുന്ന തസ്തികകളിലേയ്ക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നൽകുന്നതിന് വകുപ്പിലെ യോഗ്യരായ ജീവനക്കാരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള മാതൃകയിൽ അപേക്ഷകൾ തയ്യാറാക്കി മേലധികാരി സാക്ഷ്യപ്പെടുത്തിയത് വിദ്യാഭ്യാസ യോഗ്യതയും പ്രവർത്തി പരിചയ വും തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം 2017 ഡിസംബർ 4 ന് വൈകിട്ട് 5 മണിക്ക് മുമ്പായി ട്രെയിനിംഗ് ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | തസ്തിക | തസ്തികകളുടെ എണ്ണം | നിയമന രീതി | യോഗ്യത |
|---|---|---|---|---|
| 1 | മാനേജർ (e-Governance) | 1 | വകുപ്പിലെ യോഗ്യരായ ജീവനക്കാരിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം (പരമാവധി Rs. 45800-89000 വരെ ശമ്പള നിരക്കിൽ സേവനത്തിലുള്ളവർ മാത്രമേ അപേക്ഷിക്കാവൂ.) | 1. a) ബിരുദം- ഉം MCA അല്ലെങ്കിൽ PGDCA യും b) Post Graduate Diploma in e-Governance from IIITMK (ടി യോഗ്യതയുള്ളവരുടെ അഭാവത്തിൽ) 2. a) ബിരുദം-ഉം MCA അല്ലെങ്കിൽ PGDCA യും b) Virtual IT Cadre. -ൽ സർക്കാർ പരിശീലനം നൽകിയ ജീവനക്കാർ. <br>പ്രവർത്തി പരിചയം : സൂപ്പർവൈസറി കേഡറിൽ 5 കൊല്ലത്തിൽ കുറയാത്ത പ്രവർത്തി പരിചയം |

| | | | | |
|---|---|---|---|---|
| 2 | സിസ്റ്റം അഡ്മിനിസ്ട്രേറ്റർ | 1 | 1. വകുപ്പിലെ യോഗ്യരായ ജീവനക്കാരിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം | MCA, B.Tech, (Computer Engineering) or തത്തുല്യ യോഗ്യത<br>പ്രവർത്തി പരിചയം:<br>സിസ്റ്റം അഡ്മിനിസ്ട്രേഷൻ, സെർവർ മാനേജ്മെന്റ്, നെറ്റ് വർക്കിംഗ്, ക്ലൗഡ് കമ്പ്യൂട്ടറിംഗ് എന്നിവയിൽ രണ്ട് വർഷത്തിൽ കുറയാത്ത പ്രവർത്തി പരിചയം |
| 3 | ടെക്നിക്കൽ അസിസ്റ്റന്റ് | 1 | വകുപ്പിലെ യോഗ്യരായ ജീവനക്കാരിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം | 1. ഡിഗ്രി/ഡിപ്ലോമ ഇൻ എഞ്ചിനീയറിംഗ്<br>2. കമ്പ്യൂട്ടർ അനുബന്ധ മേഖലയിലെ പ്രവർത്തി പരിചയം |
| 4 | ക്ലാർക്ക് | 1 | വകുപ്പിലെ ക്ലാർക്ക്/സീനിയർ ക്ലാർക്ക് തസ്തികയിലെ ജീവനക്കാരിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം | എസ്.എസ്.എൽ.സി |

ട്രെയിനിംഗ് ഡയറക്ടർ ഇൻ ചാർജ്ജ്

ആർ.വി 27.11.17

**<u>ഇലക്ട്രോണിക് ഭരണ സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിലേക്കായി വ്യാവസായിക പരിശീലന വകുപ്പിൽ രൂപീകരിച്ചിട്ടുള്ള ഐ.ടി സെല്ലിൽ സൃഷ്ടിച്ചിട്ടുള്ള തസ്തികകളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം ലഭിക്കുന്നതിനായുള്ള അപേക്ഷ.</u>**

1. പേര് :
2. തസ്തിക :
3. അടിസ്ഥാന ശമ്പളവും, ശമ്പള സ്കെയിലും
4. നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം :
5. സേവനത്തിൽ പ്രവേശിച്ച തീയതി :
6. ജനന തീയതി :
7. യോഗ്യത :
8. സേവനത്തിൽ പ്രവേശിച്ച തീയതി മുതൽ ഓരോ തസ്തികയിലെയും പ്രവർത്തി പരിചയം. :
9. കമ്പ്യൂട്ടർ അനുബന്ധ മേഖലയിലെ പ്രവർത്തി പരിചയം സംബന്ധിച്ച വിശദവിവരം :

ഒപ്പ്

സ്ഥലം : പേര്

തീയതി : തസ്തിക

സേവന പുസ്തകം പരിശോധിച്ച് ടി വിവരം ശരിയാണെന്നു ഉറപ്പ് വരുത്തിയിട്ടിട്ടുണ്ട്.

ഒപ്പ്

സ്ഥലം : മേലധികാരിയുടെ പേര്

തീയതി : തസ്തിക

(ഓഫീസ് സീൽ)

01 NOV 2017

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - വ്യാവസായിക പരിശീലന വകുപ്പിൽ ഇലക്ട്രോണിക് ഭരണ നിർവ്വഹണം കാര്യക്ഷമമായി നടപ്പിലാക്കുന്നതിലേയ്ക്കായി ഐ.ടി. സെൽ രൂപീകരിച്ചുകൊണ്ടും ആയതിലേയ്ക്കായി 6 തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും ഉത്തരവാകുന്നു.

തൊഴിലും നൈപുണ്യവും (സി) വകുപ്പ്

സ.ഉ.(കൈ) നം./94/2017/തൊഴിൽ    തിരുവനന്തപുരം, 31/10/2017

പരാമർശം:- ട്രെയിനിംഗ് ഡയറക്ടറുടെ 10/07/2017 ലെ എഫ്6/29280/17 നം കത്ത്.

**ഉത്തരവ്**

വ്യാവസായിക പരിശീലന വകുപ്പിലെ ഇലക്ട്രോണിക് ഭരണ നിർവ്വഹണം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഐ.ടി.സെൽ രൂപീകരിക്കുന്നതിനും 6 തസ്തികകൾ സൃഷ്ടിക്കുന്നതിനുമുള്ള ശിപാർശ പരാമർശത്തിലെ കത്ത് പ്രകാരം ട്രെയിനിംഗ് ഡയറക്ടർ സമർപ്പിച്ചിരുന്നു. വ്യാവസായിക പരിശീലന വകുപ്പിൽ ഐ.ടി. സെൽ രൂപീകരിക്കുന്നത് ഉൾപ്പെടെയുള്ള ഇലക്ട്രോണിക് ഭരണ നിർവ്വഹണത്തിലേയ്ക്കായി 2230-03-001-95 ശീർഷകത്തിൽ ഒരു കോടി രൂപ 2017 - 18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ വ്യാവസായിക പരിശീലന വകുപ്പിൽ ഐ.ടി.സെൽ രൂപീകരിച്ചുകൊണ്ടും അതിലേയ്ക്കായി താഴെ പറയും പ്രകാരമുള്ള തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും ഉത്തരവാകുന്നു.

| | Post | No. of Posts | Mode of posting | Remarks |
|---|---|---|---|---|
| 1 | Manager (e Governance) | 1 | Eligible officials from Dept through Deputation | Salary to be paid in the existing scale of pay, but the scale of pay should be 45800 - 89000 |
| 2 | System Administrator | 1 | Eligible officials from Dept through Deputation<br>Or<br>If there are no eligible persons, then on Contract Basis | |
| 3 | Technical Assistant | 1 | Eligible officials from Dept through Deputation | |
| 4 | Data Entry Operator | 2 | Contract basis | |
| 5 | Clerk | 1 | Can be Deputed from clerical cadre under the Dept | |
| Total | | 6 | | |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ടോം ജോസ്

അഡീഷണൽ ചീഫ് സെക്രട്ടറി

File No.LBRD-C3/184/2017-LBRD

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ ആന്റ് ഇ), തിരുവനന്തപുരം
ധനകാര്യ വകുപ്പ് 553558/H&L AV184/2017/ധന തീയതി 23.8.2017 പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നം.1558)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ